"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - മൈക്രോ ബയോളജി, ഹോം സയൻസ്, ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് എന്നീ ബിരുദ വിഷയങ്ങളെ എച്ച്.എസ്.ടി നാച്ചറൽ സയൻസ് അധ്യാപക യോഗ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്

സ.ഉ.(കൈ) നം.235/2022/GEDN തീയതി,തിരുവനന്തപുരം, 20-12-2022

പരാമർശം:- 22.09.2022-ലെ സ.ഉ.(കൈ) നം.166/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും മൈക്രോ ബയോളജി, ഹോം സയൻസ്, ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് എന്നീ ബിരുദങ്ങൾ എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) അധ്യാപക തസ്തികയുടെ യോഗ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ടു പരാമർശം പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ഒഴിവാക്കപ്പെട്ട യോഗ്യതകൾ നേരത്തേ എച്ച്.എസ്.ടി നാച്ചറൽ സയൻസ് നിയമനത്തിന് പരിഗണിക്കുമായിരുന്നതിനാൽ പരാമർശ ഉത്തരവ് തീയതിക്ക് മുൻപ് പി.എസ്.സി വിജ്ഞാപനപ്രകാരം എച്ച്.എസ്.ടി നാച്ചറൽ സയൻസ് പരീക്ഷ എഴുതിയവരെയും മൈക്രോ ബയോളജി, ഹോം സയൻസ്, ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് എന്നീ ബിരുദങ്ങൾ നേടിയതിനുശേഷം നാച്ചറൽ സയൻസ് ബി.എഡ് നേടിയവരെയും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവിനു ഉത്തരവു തീയതി മുതൽക്കു മാത്രമേ പ്രാബല്യമുള്ളൂ എന്നും ചുവടെപ്പറയുന്ന വിഭാഗങ്ങളെ പരാമർശ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. പരാമർശ ഉത്തരവിലെ ഉത്തരവ് തീയതിക്കു മുൻപ് എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ നിയമിതരായവർ.

2. പരാമർശ ഉത്തരവിലെ ഉത്തരവ് തീയതിക്കു മുൻപ് പി.എസ്.സി വിജ്ഞാപനപ്രകാരം എച്ച്.എസ്.ടി നാച്ചറൽ സയൻസ് തസ്തികയിലേക്ക്

അപേക്ഷിക്കുകയും പരീക്ഷ എഴുതുകയും ചെയ്തവർ.

3. പരാമർശ ഉത്തരവിലെ ഉത്തരവ് തീയതിക്ക് മുൻപ് മൈക്രോ ബയോളജി, ഹോം സയൻസ്, ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് എന്നീ ബിരുദങ്ങൾ നേടിയതിനുശേഷം നാച്ചുറൽ സയൻസ് ബി.എഡ് നേടിയവരും പ്രസ്തുത ബിരുദങ്ങൾ നേടിയതിനുശേഷം നിലവിൽ നാച്ചുറൽ സയൻസ് ബി.എഡിനു ചേർന്ന് പഠിക്കുന്നവരും.

4. പരാമർശ ഉത്തരവിലെ ഉത്തരവ് തീയതിക്കുള്ളിൽ കെ.ഇ.ആർ അധ്യായം XIV A ചട്ടം 43, 51 A, 51 B അവകാശം നേടിയവർ.

കൂടാതെ പരാമർശ ഉത്തരവിൽ ഖണ്ഡിക 5 -ൽ നിന്നും "കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും" എന്നത് ഇതിനാൽ നീക്കം ചെയ്യുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

To :

1. സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
3. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം
4. രജിസ്ട്രാർ, എം.ജി. /കേരള/ കാലിക്കറ്റ്/ കണ്ണൂർ സർവകലാശാല
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
9. പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
10. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് (10.07.2022 ലെ നമ്പർ ബി4/477/2019/ഉ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 21-12-2022 10:52:06
സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
3. ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്